LIBRARY ARCHIVES Kerala Legislative Assembly

**പൊതുനിരത്തുകളിലെ പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടി**

128 (3412) ശ്രീ. കെ. എം. ഷാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളും പൊതുസ്ഥലങ്ങളും കയ്യേറി സ്ഥിപിച്ചിട്ടുള്ള പരസ്യബോർഡുകളും മറ്റും നീക്കം ചെയ്യുന്നതിനും നിരത്തുകൾ മനോഹരമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി അധിക വരുമാനം നേടാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിലൂടെ ലഭിക്കുന്ന വരുമാനം എങ്ങനെ വിനിയോഗിക്കാനും ആർക്കൊക്കെ വീതിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പൊതുനിരത്തുകൾ ആകർഷകമാക്കുന്നതിനായി പൊതുനിരത്തുകളിലും വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്യുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലൂമിനീയം ക്ലാഡിംഗ് സ്ഥാപിച്ച്/ പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേയ്ക്ക് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ട് കൊണ്ട് തുടർനടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തി കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ 6-11-2014-ൽ സ.ഉ. (കൈ.) നമ്പർ 194/2014/തസ്വഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പൊതുനിരത്തുകളിലും, ഇലക്ട്രിക്ക് പോസ്റ്റുകളിലും അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്ത് നിയമാനുസൃതം പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ ക്ലീൻ കേരളാ കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) പരസ്യ നികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന നികുതി കഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.